ക്യാമ്പസുകളിലെ അക്രമ സംഭവങ്ങളും ദുരന്തങ്ങളും നിയന്ത്രിക്കാൻ നടപടി

20(*110) ശ്രീ. പി. കെ. ബഷീർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്യാമ്പസുകളിൽ അരങ്ങേറുന്ന അക്രമ സംഭവങ്ങളും, ദുരന്തങ്ങളും നിയന്ത്രിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ക്യാമ്പസ്സുകളുടെ നിലവാരം മെച്ചമാക്കുന്നതിനും അക്രമവിമുക്തമാക്കുന്നതിനും വിദ്യാഭ്യാസ വിചക്ഷണരുടെയും, രക്ഷാകർത്താക്കളുടെയും അഭിപ്രായ രൂപീകരണം നടത്തി ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ & ബി) ക്യാമ്പസുകളിലെ അക്രമങ്ങളും ദുരന്തങ്ങളും നിയന്ത്രിക്കുന്നതിനും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ടിയും ചില മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും 12-10-2015-ലെ നമ്പർ 26483/G1/15/ഉ.വി.വ. പ്രകാരം ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്) ഇത് എല്ലാ സ്ഥാപനമേധാവികൾക്കും അയച്ചുകൊടുക്കുകയും, ആയതിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

റേഷൻ വിതരണത്തിലെ ക്രമക്കേട്

21(*111) ശ്രീ. എസ്. ശർമ്മ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനും പരിശോധിക്കുന്നതിനും സംവിധാനമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly